REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-02-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഭാവിയിൽ ലോകം നിർമ്മിത ബുദ്ധി ശക്തി എങ്ങനെ ഉപയോഗിക്കുമെന്നതിന്റെ വഴിത്തിരിവായിരുന്നു ആഗോള AI ഇംപാക്ട് ഉച്ചകോടിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാതിൽ.**
- **രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ അവയവ ദാതാവും മലയാളിയുമായ ആലിൻ ഷെറിൻ എബ്രഹാമിനെ മൻ കി ബാതിൽ പ്രധാനമന്ത്രി അനുസ്മരിച്ചു.**
- **ഡിജിറ്റൽ അറസ്റ്റ്, ഡിജിറ്റൽ തട്ടിപ്പ് എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കണമെന്ന് പ്രധാനമന്ത്രി.**
- **കാർഷിക മേഖലയിൽ ലോക ബാങ്കിന്റെ സഹായത്തോടെ 2,365 കോടി രൂപയുടെ കേര പദ്ധതി നടപ്പാക്കിയെന്ന് മന്ത്രി P പ്രസാദ്.**
- **ICC ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിന്റെ സൂപ്പർ 8 ൽ, ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയ്ക്കയെ നേരിടും.**

## വാർത്തകൾ വിശദമായി

ഭാവിയിൽ ലോകം നിർമ്മിത ബുദ്ധി ശക്തി എങ്ങനെ ഉപയോഗിക്കുമെന്നതിന്റെ വഴിത്തിരിവായിരുന്നു ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ആഗോള AI ഇംപാക്ട് ഉച്ചകോടിയെന്ന് മൻ കി ബാതിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. മൻ കീ ബാത്തിന്റെ 131-ാം പതിപ്പായിരുന്നു ഇന്നത്തേത്. ഉച്ചകോടിയിലെ രണ്ട് ഉത്പന്നങ്ങൾ ലോകനേതാക്കളെ വളരെയധികം ആകർഷിച്ചതായും പ്രധാനമന്ത്രി വ്യക്തമാക്കി.

ഡെസ്ക് റിപ്പോർട്ട്.....

........വോയ്സ്........

ആഴ്ചയിലെ മുഴുവൻ സമയവും നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ കർഷകർ പാലുത്പന്നങ്ങളുടെയും കന്നുകാലികളുടേയും കണക്കെടുക്കുന്നത് എങ്ങനെയെന്ന് ഉച്ചകോടി വിശദീകരിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. AI സഹായത്തോടെ നമ്മുടെ പുരാതന ഗ്രന്ഥങ്ങൾ എങ്ങനെ സംരക്ഷിക്കാമെന്നും പുതുതലമുറയ്ക്ക് അനുയോജ്യമായ രീതിയിൽ എങ്ങനെ രൂപപ്പെടുത്താമെന്നും കണ്ട് ലോക നേതാക്കൾ അത്ഭുതപ്പെട്ടതായി നരേന്ദ്രമോദി അറിയിച്ചു. ഉച്ചകോടിയുടെ വിജയത്തിൽ പങ്കുവഹിച്ച എല്ലാ നാട്ടുകാരെയും അഭിനന്ദിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ട്വന്റി 20 ലോകകപ്പ് മത്സരങ്ങളിൽ കാനഡയുടേയും അമേരിക്കയുടേയും UAE യുടേയും ന്യൂസിലാന്റിന്റെയും ഇറ്റലിയുടേയും ടീമുകളിൽ ഭാരതീയ വംശജരായ കളിക്കാർ ഉൾപ്പെടുന്നുവെന്നതിൽ അഭിമാനമുണ്ടെന്ന് മൻ കി ബാതിൽ പ്രധാനമന്ത്രി പറഞ്ഞു. ഭാരതീയർ എവിടെപ്പോയാലും അവരുടെ മാതൃരാജ്യത്തിന്റെ വേരുകളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു.

.........PM വോയ്സ്........

✪✪✪

രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ അവയവ ദാതാവും മലയാളിയുമായ ആലിൻ ഷെറിൻ എബ്രഹാമിനെ മൻ കി ബാതിൽ പ്രധാനമന്ത്രി അനുസ്മരിച്ചു.

..... ഡെസ്ക് വോയ്സ്....

......വോയ്സ്......

ആലിന്റെ അവയവങ്ങൾ ദാനം ചെയ്യാൻ തീരുമാനമെടുത്ത മാതാപിതാക്കളായ അരുൺ എബ്രഹാമിനെയും ഷെറിനേയും അഭിനന്ദിച്ച പ്രധാനമന്ത്രി അവർ എടുത്ത തീരുമാനം ഓരോ ഭാരതീയന്റെയും ഹൃജദയത്തിൽ ബഹുമാനം നിറച്ചതായും പറഞ്ഞു. അവരുടെ ചിന്ത ഉന്നതമാണെന്നും വ്യക്തിത്വം വിശാലമാണെന്നും വെളിപ്പെട്ടതായി നരേന്ദ്രമോദി നിരീക്ഷിച്ചു. രാജ്യത്ത് അവയവ ദാനത്തെക്കുറിച്ച് അവബോധം വർദ്ധിച്ചുവരികയാണെന്ന് പറഞ്ഞ പ്രധാനമന്ത്രി അവയവദാനത്തിലൂടെ പുതുജീവൻ പകർന്ന് നൽകിയ ഡൽഹിയിലെ ലക്ഷ്മി ദേവിയേയും പശ്ചിമ ബംഗാളിലെ ഗൗരാംഗ് ബാനർജിയേയും സ്മരിച്ചു.

വ്യക്തിയുടെ ഉദാത്തമായ പ്രവർത്തിക്ക് എണ്ണമറ്റ ആളുകളുടെ ജീവിതം മാറ്റാൻ കഴിയുമെന്ന് തെളിയിക്കുന്നു അവയവദാതാക്കളെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

നാളെ രാഷ്ട്രപതി ഭവനിൽ രാജാജി ഉത്സവ് ആഘോഷിക്കുമെന്നും മൻ കി ബാതിൽ പ്രധാനമന്ത്രി. രാഷ്ട്രപതി ഭവന്റെ മധ്യത്തിൽ സി രാജഗോപാലാചാരിയുടെ പ്രതിമ അനാച്ഛാദനം ചെയ്യുമെന്ന് പ്രധാനമന്ത്രി അറിയിച്ചു. രാജാജി ഉത്സവ വേളയിൽ രാജഗോപാലാചാരിയെക്കുറിച്ച് മാർച്ച് ഒന്ന് വരെ പ്രദർശനം സംഘടിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

......PM വോയ്സ്......

✪✪✪

രാജ്യത്ത് ഡിജിറ്റൽ അറസ്റ്റിനെക്കുറിച്ചും ഡിജിറ്റൽ തട്ടിപ്പിനെ കുറിച്ചും മുന്നറിയിപ്പ് നൽകിയ പ്രധാനമന്ത്രി ഇക്കാര്യത്തിൽ സമൂഹത്തിന് കാര്യമായ അവബോധം ഉണ്ടായിട്ടുണ്ടെന്നും പറഞ്ഞു. ഡിജിറ്റൽ തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കാൻ പ്രധാനമന്ത്രി ജനങ്ങളോട് ആവശ്യപ്പെട്ടു. ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരുമായും പങ്കുവെക്കരുതെന്നും ബാങ്ക് ശാഖകളുടെ ഔദ്യോഗിക ആപ്പുകളിലൂടെ മാത്രമേ KYC ചെയ്യാവൂ എന്നും പാസ് വേർഡുകൾ ഭക്ഷണവും വസ്ത്രവും മാറുന്നതുപോലെ മാറ്റുന്നത് ശീലമാക്കണമെന്നും നരേന്ദ്രമോദി ആവശ്യപ്പെട്ടു.

✪✪✪

ഒഡിഷയിലെ ഹിരോദ് പട്ടേൽ എന്ന യുവ കർഷകന്റെ പ്രവൃത്തി പ്രചോദനാത്മകമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. സ്വന്തം കൃഷിയിടത്തിലെ കുളത്തിന് മുകളിൽ വല നിർമ്മിച്ച് പച്ചക്കറികൾ വളർത്തിയും പഴങ്ങൾ കൃഷി ചെയ്തും മത്സ്യ കൃഷി ചെയ്തും അധിക വരുമാനം നേടി ഇദ്ദേഹം.

കേരളത്തിലെ തൃശൂർ ജില്ലയിൽ ഒരു വയലിൽ 570 ഇനം നെൽകൃഷി ചെയ്യുന്ന ഗ്രാമമുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. വിത്ത് സംരക്ഷണത്തിന്റെ പ്രചാരണം കൂടിയാണിത്. ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ അരി ഉത്പാദക രാജ്യമായി മാറിയതായും 15 കോടി ടണ്ണിലധികം അരി ഉത്പാദിപ്പിക്കുന്നത് ചെറിയ നേട്ടമല്ലെന്നും മൻ കി ബാതിൽ പ്രധാനമന്ത്രി പറഞ്ഞു. കർണാടകയിലെ നംജൻകോഡ്, വാഴപ്പഴം , മൈസൂർ വെറ്റില, ഇൻഡി നാരങ്ങ എന്നിവയ്ക്ക് GI ടാഗ് ലഭിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

തിരുന്നാവായയിലെ മഹാമാഘ മഹോത്സവത്തെയും മൻ കി ബാതിൽ പ്രധാനമന്ത്രി പ്രകീർത്തിച്ചു. കുംഭമേള വിജയകരമായി സംഘടിപ്പിക്കാൻ ശ്രമിച്ചതിനെ അദ്ദേഹം അഭിനന്ദിച്ചു.

മറ്റന്നാൾ ജയലളിതയുടെ ജന്മദിനം ആഘോഷിക്കുന്ന തമിഴ് ജനതയ്ക്ക് പ്രധാനമന്ത്രി ആശംസകൾ നേർന്നു. ജയലളിതയെ പരാമർശിക്കുമ്പോൾ തമിഴ് നാട്ടിലെ ജനങ്ങളുടെ മുഖം തിളങ്ങുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന രാജ്യത്തെ വിദ്യാർത്ഥികളുടെ കഠിനാദ്ധ്വാനം പ്രധാനമാണെന്ന് പറഞ്ഞ പ്രധാനമന്ത്രി അവർക്ക് വിജയാശംസകൾ നേർന്നു. റമളാൻ വ്രതം നോൽക്കുന്ന എല്ലാവർക്കും പുണ്യമാസത്തിൽ പ്രധാനമന്ത്രി ആശംസകൾ നേർന്നു. കുടംബത്തോടും പ്രിയപ്പെട്ടവരോടുമൊപ്പം എല്ലാ ഉത്സവങ്ങളും സന്തോഷത്തോടെ ആഘോഷിക്കാൻ കഴിയട്ടെ എന്ന് പ്രധാനമന്ത്രി മൻ കി ബാതിൽ ആശംസിച്ചു. ആഘോഷവേളകളിൽ സ്വദേശി വസ്തുക്കൾ വാങ്ങാനും രാജ്യത്തെ സ്വയം പര്യാപ്തമാക്കാനും എല്ലാവരും ശ്രമിക്കണമെന്നും പ്രധാനമന്ത്രി മൻ കി ബാതിലൂടെ അഭ്യർത്ഥിച്ചു.

✪✪✪

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുമായി ബന്ധപ്പെട്ട ധാരണാ പത്രത്തിൽ ഇന്ത്യയും ബ്രസീലും ഒപ്പുവച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുടെയും സാന്നിധ്യത്തിൽ ഇന്നലെ ന്യൂഡൽഹിയിൽ വെച്ചാണ് ധാരണാപത്രം കൈമാറിയത്.

✪✪✪

2030 ആകുമ്പോഴേക്കും ഉഭയകക്ഷി വ്യാപാരം 20 ബില്യൺ ഡോളറായി ഉയർത്താൻ ഇരു രാജ്യങ്ങളും ലക്ഷ്യമിടുന്നതായി വിദേശ കാര്യമന്ത്രാലയ സെക്രട്ടറി പി കുമാരൻ അറിയിച്ചു. ബ്രസിൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവ യുടെ ഇന്ത്യാ സന്ദർശന വേളയിലാണ് മുൻ ലക്ഷ്യമായ 20 ബില്യൺ ഡോളറിൽ നിന്ന് ഉഭയകക്ഷി വ്യാപാരം ഉയർത്താൻ തീരുമാനിച്ചത്.

✪✪✪

രാജ്യത്തെ ഏറ്റവും വേഗയേറിയ മെട്രോ ട്രെയിനും, നമോ ഭാരത് ട്രെയിനും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉത്തർപ്രദേശിലെ മീററ്റിൽ ഫ്‌ളാഗ് ഓഫ് ചെയ്യും. തുടർന്ന് മീററ്റ് സൗത്ത് സ്റ്റേഷൻ വരെ അദ്ദേഹം മെട്രോയിൽ യാത്ര ചെയ്യും.

✪✪✪

കാർഷിക മേഖലയിൽ കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങൾ നേരിടാൻ ലോക ബാങ്കിന്റെ സഹായത്തോടെ 2,365 കോടി രൂപയുടെ കേര പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയെന്ന് മന്ത്രി P പ്രസാദ് അറിയിച്ചു. കൊല്ലം

പുലമണ്ണിൽ  ജില്ലാ കാർഷികോത്സവം - ഹരിതം 2026 ന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ICC ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിന്റെ സൂപ്പർ 8 ൽ , ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയ്ക്കയെ നേരിടും. അഹമ്മദാബാദിൽ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം.

✪✪✪

അടുത്ത മാസം 31-ഓടെ രാജ്യത്തുനിന്ന് നക്സലിസം പൂർണമായും തുടച്ചു നീക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ അറിയിച്ചു. ഗോഹട്ടിയിൽ 87-ാമത് സ്ഥാപക ദിന പരേഡിൽ CRPF ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കണ്ണൂർ കല്യാട്ടെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് കണ്ണൂർ പോലീസ് മൈതാനിയിൽ ആയുർവേദ എക്സ്പോ ഇന്ന് ആരംഭിക്കും. വിവിധ വകുപ്പുകളുടെ സ്റ്റാളുകളും സ്പെഷാലിറ്റി ക്ലിനിക്കുകളും ഫുഡ് കോർട്ടും  ഉൾപ്പെടെ നൂറോളം സ്റ്റാളുകൾ മേളയിൽ ഒരുക്കിയിട്ടുണ്ട്. ഉച്ചയ്ക്ക് KV സുമേഷ് എംഎൽഎ മേള ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ത്യയിലെ ആദ്യത്തെ ബ്ലൈൻഡ് ഫ്രണ്ട്ലി മ്യൂസിയം കൂടിയായ പൊന്നാനിയിലെ നിള സംഗ്രഹാലയം മന്ത്രി  PA മുഹമ്മദ് റിയാസ് ഓൺലൈനായി നാടിന് സമർപ്പിച്ചു. കേരള ചരിത്രം ഉൾക്കൊള്ളുന്ന സാംസ്കാരിക കേന്ദ്രമാണ് ഭാരതപ്പുഴയോരത്ത് സ്ഥിതി ചെയ്യുന്ന നിള സംഗ്രഹാലയം.

✪✪✪

അധ്യാപക യോഗ്യത പരീക്ഷ കെ-ടെറ്റ്- ന് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഈ മാസം  26 മുതൽ അടുത്തമാസം 7 വരെ ഓൺലൈനിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

✪✪✪

ചരിത്രപ്രസിദ്ധമായ ചെട്ടികുളങ്ങര കുംഭഭരണി മഹോത്സവം നാളെ നടത്തും. അംബരചുംബികളായ കെട്ടുകാഴ്ചകൾ ദൃശ്യവിസ്മയമൊരുക്കുന്ന കുംഭഭരണി ഉൽസവം ഓണാട്ടുകരയുടെ ഐക്യവും കരുത്തും വിളിച്ചോതുന്നതാണ്.

✪✪✪

*News Editor : വി കെ സുരേഷ്, ശ്രുതി*
*News Reader: അബ്ദുൾ കബീർ*
*News Team: ശ്രിജി പൂവത്തിങ്കൽ*
*DEO സി കെ സുബോധ്*